പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5655

29.07.2015-ൽ മറുപടിക്ക്

## അജാനൂർ മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന്റെ ഭാഗമായിട്ടുള്ള അന്വേഷണ ഗവേഷണ പഠനം നടത്തുന്നതിന് 30.03.2013 ലെ സ.ഉ.(സാധാ) 260/13/മതുവ പ്രകാരം 53.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി എന്ന് പൂർത്തീകരിക്കുമെന്നും എന്തെല്ലാം നടപടികളാണ് പൂർത്തിയായതെന്നും ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും പ്രവർത്തിക്ക് ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദമായ വിവരം നൽകാമോ ? | (ബി) | Littoral drift and Shore line Evolution-ന്റെ ഡ്രാഫ്റ്റ് മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി റിപ്പോർട്ട് സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽ നിന്നും ലഭിച്ചിട്ടുണ്ട്. Wave tranquility ന്റെ മാതൃകാ പഠനം റിപ്പോർട്ട് ലഭിക്കാനുണ്ട്. മാതൃകാപഠനം 4 മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മാതൃകാപഠനത്തിന് ശേഷം പരിസ്ഥിതി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന ഏർപ്പാടാക്കണം. ടി പഠനത്തിന് ഏകദേശം 10 മാസം അനിവാര്യമാണ്. മാതൃകാ പഠനവും പരിസ്ഥിതി പഠനവും പൂർത്തിയായ ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഭരണാനുമതിക്കായിട്ടുള്ള വിശദമായ എസ്റ്റിമേറ്റ് കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്. ടി പഠനങ്ങൾക്ക് ഇതുവരെ 22,79,775/- രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ